ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, വ്യവസായ പുനരുദ്ധാരണഫണ്ടിൽ നിന്നും സഹായം നൽകുമ്പോൾ പീഡിത വ്യവസായ യൂണിറ്റുകൾ, പുനരുദ്ധാരണത്തിനായി പദ്ധതികൾ സമർപ്പിച്ചിട്ടുള്ള യൂണിറ്റുകൾ, ബി.ഐ.എഫ്. ആർ. റഫർ ചെയ്തിട്ടുള്ള വ്യവസായ യൂണിറ്റുകൾ തുടങ്ങിയ യൂണിറ്റുകൾക്ക് കൂടുതൽ സഹായം നൽകാനുള്ള മുൻഗണനയും ആ സഹായത്തിന് പലിശ ഒഴിവാക്കിക്കൊണ്ട് അവർക്ക് സഹായം നൽകാനുള്ള നടപടിയും സ്വീകരിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ബി.ഐ.എഫ്.ആർ.ന്റെ മുന്നിലുള്ള സ്ഥാപനങ്ങളടക്കം വളരെ വ്യക്തമായി വിലയിരുത്തി ആവശ്യമായിട്ടുള്ള ധന സഹായം നൽകുന്നതിനെ സംബന്ധിച്ച് കാൽക്കുലേറ്റ് ചെയ്ത് അവരുമായി പ്രോജക്ട് റിപ്പോർട്ടുകൾ ഉണ്ടാക്കി അതിന്റെ അടിസ്ഥാനത്തിൽ ഓരോ കമ്പനിയും പെർഫോർമൻസ് കോൺട്രാക്ട് ഒപ്പിട്ടതിനുശേഷമാണ് ഇതിനാവശ്യമായ ഫണ്ട് കൊടുക്കുന്നത്. ഒരു പൊതുമേഖലാസ്ഥാപനത്തേയും ഇതിനകത്തുനിന്നും ഒഴിവാക്കിയിട്ടില്ല.

മി. സ്പീക്കർ : ചോദ്യം നമ്പർ 379.

ജുവനൈൽ വെൽഫെയർ ബോർഡുകൾ

4 (*379)ശ്രീ. സത്യൻ മൊകേരി :

പ്രൊഫ. മീനാക്ഷി തമ്പാൻ :

ശ്രീ. യു. എസ്.ശശി :

ശ്രീ. പി.എസ്. സുപാൽ :

ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാലനീതി നിയമപ്രകാരമുള്ള ജുവനൈൽ വെൽഫെയർ ബോർഡുകൾ നിലവിലുണ്ടോ; എങ്കിൽ എല്ലാ ജില്ലകളിലും ഇത്തരം ബോർഡുകൾ രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ജില്ലാതലത്തിൽ ഇവ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ജുവനൈൽ വെൽഫെയർ ബോർഡുകൾ പുനഃസംഘടിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ജുവനൈൽ ജസ്റ്റീസ് ഫണ്ടിന്റെ അനൗദ്യോഗികാംഗങ്ങളെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടികൾ സ്വീകരിക്കുമോ;

(ഡി) ജില്ലതലങ്ങളിൽ ജുവനൈൽ വെൽഫെയർ ബോർഡുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ,

(എ)&(ബി)ഉണ്ട്. ഇടുക്കി ജില്ല ഒഴികെ മറ്റെല്ലാ ജില്ലകളിലും 31.3.1999 -ലെ സർക്കാർ ഉത്തരവ്(പി) നമ്പർ 12/99/സാ.ക്ഷ.വ. പ്രകാരം ജുവനൈൽ

LIBRARY ARCHIVES Kerala Legislative Assembly

വെൽഫെയർ ബോർഡുകൾ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.†

(സി) അനൗദ്യോഗിക അംഗങ്ങളെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇടുക്കി ജില്ല ഒഴികെയുള്ള മറ്റ് ജില്ലാതലജുവനൈൽ വെൽഫയർ ബോർഡുകൾ 31.3.1999-ലെ സർക്കാർ ഉത്തരവ്(പി) നമ്പർ 12/99/സാ.ക്ഷ.വ. പ്രകാരം രൂപീകരിച്ചിട്ടുണ്ട്. കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പ്രൊഫ. മീനാക്ഷി തമ്പാൻ : സർ, അനാഥരും അശരണരുമായ ബാലകുറ്റവാളികളുടെ സംരക്ഷണം, പുനരധിവാസം എന്നിവ ലക്ഷ്യമാക്കിയിട്ടുള്ള നിയമനിർമ്മാണം, ജുവനൈൽ ജസ്റ്റീസ് ആക്ട് എന്നാണ് നിലവിൽ വന്നത്, അതനുസരിച്ചുള്ള കോടതികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇതനുസരിച്ചുള്ള കോടതികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഈ കോടതികളിൽ നിന്നാണ് പല പ്പോഴും ഇവരെ ജുവനൈൽ ഹോംസിലേയ്ക്ക് അയയ്ക്കുന്നത്.

പ്രൊഫ. മീനാക്ഷി തമ്പാൻ : ഈ ആക്ട് അനുസരിച്ച് കേസ്സുകൾ തീരുമാനം ആകുന്നതുവരെ ബാലകുറ്റവാളികളെ താമസിപ്പിക്കുന്നതിന് എന്ത് സൗകര്യമാണ് സംസ്ഥാനത്തുള്ളത്?

ശ്രീമതി സുശീലാ ഗോപാലൻ : ഇതിനുവേണ്ടിയുള്ള ജുവനൈൽ ഹോംസ് പല സ്ഥലത്തും പ്രവർത്തിക്കുന്നുണ്ട്. ബാലകുറ്റവാളികൾക്ക് ആവശ്യമായ പരിശീലനമടക്കം കൊടുത്ത് അവർ പുറത്തുവരുമ്പോൾ അവരെ പുനരധിവസിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

ശ്രീ. യു.എസ്. ശശി : സർ, ജുവനൈൽ വെൽഫെയർ ബോർഡിന്റെ കീഴിൽവരുന്ന കുട്ടികൾക്ക് ഏതുവരെ പഠിക്കാനുള്ള സൗകര്യമാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്നതിനെ സംബന്ധിച്ച് വ്യക്തമാക്കാമോ?

ശ്രീമതി സുശീലാ ഗോപാലൻ : അവർക്ക് ആവശ്യമായ പഠനസൗകര്യങ്ങൾ കൊടുക്കുന്നുണ്ട്. അവരുടെ കഴിവിനനുസരിച്ച്, അവർ പഠിക്കുന്നതിനനുസരിച്ച് അക്കാര്യങ്ങളിൽ ആവശ്യമായ സഹായം ചെയ്യുന്നതാണ്.

ശ്രീ. യു.എസ്. ശശി : ഈ സ്ഥാപനങ്ങളിലുള്ള കുട്ടികളെ സംബന്ധിച്ച്, പത്താം ക്ലാസ് കഴിഞ്ഞാൽ അവർക്ക് തുടർന്ന് പഠിക്കാനുള്ള സൗകര്യമില്ലായെന്ന് ചില കുട്ടികൾക്ക് ആക്ഷേപമുണ്ട്. തൃശ്ശൂരിൽ ഒരു സ്ഥാപനമുണ്ട്. അവിടെ പത്താം ക്ലാസ് പാസ്സായതിനുശേഷം തുടർന്നു പഠിക്കാനുള്ള സൗകര്യവും താമസിക്കാനുള്ള സൗകര്യവും വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ?

ശ്രീമതി സുശീലാ ഗോപാലൻ : അത് പരിശോധിച്ച് വേണ്ടത് ചെയ്യുന്നതാണ്.

ശ്രീ. പി.എസ്. സുപാൽ : സർ, ആരും കുറ്റവാളികളായി ജനിക്കുന്നില്ല. സാമൂഹിക സാഹചര്യമാണ് അവരെ അതിലേയ്ക്ക് പ്രേരിപ്പിക്കുന്നത്. അതുകൊണ്ട് അവരെ പുനരധിവസിപ്പിക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം കാര്യങ്ങൾ ആലോചിച്ചിട്ടുണ്ട്; അതിനെ സംബന്ധിച്ച് വിശദീകരിക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി സുശീലാ ഗോപാലൻ : അവർക്ക് ആവശ്യമായ പരിശീലനം, ബോധവൽക്കരണ പരിപാടി തുടങ്ങിയ കാര്യങ്ങൾ നടത്തുന്നുണ്ട്. അതുപോലെതന്നെ അവർക്ക് ഏതെങ്കിലും തൊഴിലിൽ പരിശീലനം സിദ്ധിക്കുന്നതിനും അവർ പുറത്തുവന്നാൽ അവർക്ക് പുനരധിവാസത്തിന് ആവശ്യമായ ചെറിയ ധനസഹായംകൂടി കൊടുത്തുവരുന്നുണ്ട്.

ശ്രീ. പി.എസ്. സുപാൽ : ജുവനൈൽ വെൽഫെയർ ബോർഡുകളുടെ പ്രവർത്തനത്തിന് കേന്ദ്രഗവൺമെന്റിന്റെ എന്തെങ്കിലും സഹായം ഇപ്പോൾ ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇതിനൊരു ഫണ്ടുണ്ട്. കേന്ദ്രസംസ്ഥാന ഗവൺമെന്റുകളുടെ ഗ്രാന്റും വിഹിതവും കൂടാതെ വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്നുള്ള സഹായവുമുണ്ട്. കേന്ദ്ര ഗവൺമെന്റിൽ നിന്നും സഹായം കിട്ടുന്നുണ്ട്.

മി. സ്പീക്കർ : ചോദ്യം നമ്പർ 380.

സാമൂഹ്യക്ഷേമപദ്ധതികൾക്ക് ലഭിക്കുന്നകേന്ദ്ര സഹായം

5 (*380)ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. എം.എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന വിവിധ ഗ്രാന്റുകളെപ്പറ്റിയും സഹായധനങ്ങളെപ്പറ്റിയും വ്യക്തമാക്കുമോ;

(ബി) ഈ ഗ്രാന്റുകളും സഹായധനങ്ങളും പൂർണ്ണമായും കൃത്യസമയത്ത് ലഭിക്കാറുണ്ടോ; ഇത് സംബന്ധിച്ച വിശദവിവരങ്ങൾ നൽകുമോ;

(സി) കേന്ദ്രം നൽകുന്ന സഹായധനങ്ങൾ സ്വീകരിച്ചശേഷം അത് ചെലവഴിക്കാതെ വരാറുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) അംഗൻവാടികൾക്ക് ഭക്ഷണസാധനങ്ങൾ നൽകിയിരുന്നത് നിർത്തലാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സഹായമുണ്ടായിരുന്നോ എന്നത് സംബന്ധിച്ച് വിശദീകരിക്കുമോ;

(ഇ) സാമൂഹ്യക്ഷേമ പദ്ധതികൾ കൂടുതൽ ഫലപ്രദമായി പുനഃസംഘടിപ്പിക്കാൻ ഉദ്ദേശമുണ്ടോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) സംസ്ഥാന സാമൂഹ്യക്ഷേമ വകുപ്പു മുഖാന്തിരം നടപ്പിലാകുന്ന താഴെപ്പറയുന്ന പദ്ധതികൾക്ക് കേന്ദ്രസർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്നു.

(1) സംയോജിത ഗിരിവർഗ്ഗ വികസന പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly